News Letter 2/17
18/7/2117

# കെ. സി. എസ്. എൽ പാലാ രൂപത

## 1. കെ. സി. എസ്. എൽ രൂപതാതല പ്രവർത്തനോദ്ഘാടനം - ജൂലൈ 21

കെ. സി. എസ്. എൽ - ന്റെ രൂപതാതല പ്രവർത്തനോദ്ഘാടനം ജൂലൈ 21 - വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പാലാ സെന്റ്. തോമസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ ആരംഭിക്കും. പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനകർമ്മം നിർവഹിക്കും. പ്രസ്തുത യോഗത്തിൽ രൂപത സ്റ്റുഡൻസ്- ടീച്ചേഴ്സ് എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുക്കും. കൂടാതെ, ഓരോ സ്കൂളിൽനിന്നും കെ. സി. എസ്. എൽ ആനിമേറ്റർമാരുടെയും വിദ്യാർത്ഥി പ്രതിനിധികളുടെയും സാന്നിധ്യവും പ്രതീക്ഷിക്കുന്നു.

## 2. ലീഡേഴ്സ് ക്യാമ്പ് - ഓഗസ്റ്റ് 5

കെ. സി. എസ്. എൽ - ന്റെ രൂപതാതല ലീഡേഴ്സ് ക്യാമ്പ് ഓഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 മണിവരെ അൽഫോൻസാ കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും. എല്ലാ സ്കൂളിൽനിന്നും ഹയർ സെക്കൻഡറി, ഹൈസ്കൂൾ, യു. പി. വിഭാഗങ്ങളിലെ കെ. സി. എസ്. എൽ ലീഡേഴ്സ് (ഒരോ വിഭാഗത്തിൽനിന്നും രണ്ടുപേർവീതം) ഈ ക്യാമ്പിൽ പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു. ക്യാമ്പ് ഫീസ് 100 രൂപയാണ്.

## 3. ഡിക്ലമേഷൻ മത്സരം - തിരുത്ത്

ജോൺ എഫ്. കെന്നഡി - ഡിക്ലമേഷൻ മത്സരം , ഓഗസ്റ്റ് 29 ന് നടക്കുമെന്ന് മുൻകൂട്ടി അറിയിച്ചതിൽ (News Letter 1/17 dated on July 12) പിശകുവന്നിരിക്കുന്നു. ടി മത്സരം ജൂലൈ 29 എന്നു തിരുത്തി അറിയിക്കുന്നതു ശ്രദ്ധിക്കുമല്ലോ.

കെന്നഡിയുടെ പ്രസംഗം (മത്സരഭാഗം മാത്രം) ഒരിക്കൽക്കൂടി ഇ- മെയിലിൽ അയച്ചുതരുന്നു.

**കെന്നഡിയുടെ പ്രസംഗം**

സുഹൃത്തുക്കളേ, അതാ, കാഹളം മുഴങ്ങുന്നു. ആയുധമെടുക്കാനോ, യുദ്ധം ചെയ്യാനോ അല്ല; നമ്മുടെ ശത്രുക്കളായ സ്വേച്ഛാധിപത്യം, ദാരിദ്ര്യം, രോഗം, യുദ്ധം മുതലായ നാരകീയശക്തികൾക്കെതിരേ സന്ധിയില്ലാത്ത സമരം പ്രഖ്യാപിക്കാനുള്ള കാഹളനാദം. ലോകചരിത്രത്തിൽത്തന്നെ ചുരുക്കംചില സന്ദർഭങ്ങളിലേ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി സ്വജീവൻ അർപ്പിക്കേണ്ടതായി വന്നിട്ടുള്ളൂ. നാം അത്തരമൊരു കാലസന്ധിയിലാണ്. നമുക്കു പിന്തിരിയാതിരിക്കാം. ധൈര്യപൂർവ്വം അതിനെ സ്വാഗതം ചെയ്യാം. നമ്മുടെ സർവ്വശക്തിയും രാജ്യത്തിനുവേണ്ടി സമർപ്പിക്കാം. ആകയാൽ സുഹൃത്തുക്കളേ, അമേരിക്ക നിങ്ങൾക്കുവേണ്ടി എന്തു ചെയ്യുമെന്നല്ല, അമേരിക്കയ്ക്കുവേണ്ടി നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയുമെന്നു ചിന്തിക്കുക. അതുപോലെ അമേരിക്കയുടെ അയൽരാജ്യങ്ങളിലെ പ്രബുദ്ധരായ ജനങ്ങളേ, അമേരിക്ക നിങ്ങൾക്കുവേണ്ടി എന്തു ചെയ്യുമെന്നതിനേക്കാൾ, നമുക്കൊരുമിച്ചു സ്വാതന്ത്ര്യത്തിനുവേണ്ടി എന്തു സംഭാവന നല്കാനാകുമെന്നു ചിന്തിക്കാം. അവസാനമായി, നിർമ്മലമനഃസാക്ഷിയോടെ ദൈവസഹായം പ്രാർത്ഥിച്ചുകൊണ്ട് നാം സ്നേഹിക്കുന്ന നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി നമ്മെത്തന്നെ പൂർണ്ണമായി സമർപ്പണം ചെയ്യാം.

***(ജോൺ എഫ്. കെന്നഡി അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ (1961) ചെയ്ത പ്രസംഗത്തിൽനിന്ന്)***

സാലി കെ. ജെ
പ്രസിഡന്റ്

ഫാ. കുര്യൻ തടത്തിൽ
ഡയറക്ടർ

News Letter 3/17
18/7/2017

# കെ. സി. എസ്. എൽ പാലാ രൂപത

**സാഹിത്യരചനാമത്സരം - വിജയികൾ**

മെയ് 13 ന് (കെ. സി. എസ്. എൽ ശതാബ്ദിദിനം) ദീപനാളം വാരികയും കെ. സി. എസ്. എൽ - ഉം സംയുക്തമായി നടത്തിയ സാഹിത്യരചനാമത്സരവിജയികൾ:

**ഉപന്യാസം**

ഫസ്റ്റ് — കൃപാ മാത്യു, ഹോളിക്രോസ് എച്ച്. എസ്. എസ്, ചേർപ്പുങ്കൽ

സെക്കന്റ് — ഐശ്വര്യ ലക്ഷ്മിത്തമ്പുരാട്ടി, സെന്റ് മേരീസ് എച്ച്. എസ്. എസ്, പാലാ

തേർഡ് — സോനാ സിബി, സെന്റ് മേരീസ് എച്ച്. എസ്. എസ്, അറക്കുളം

**കവിത**

ഫസ്റ്റ് — അപ്സര ആന്റണി, സെന്റ് മേരീസ് എച്ച്. എസ്. എസ്, അറക്കുളം

സെക്കന്റ് — നിമ്മി വിൽസൺ, സെന്റ് മേരീസ് എച്ച്. എസ്. എസ്, കുറവിലങ്ങാട്

തേർഡ് — കാവ്യ. എസ്. നായർ, സെന്റ് മേരീസ് എച്ച്. എസ്. എസ്. പാലാ

**കഥ**

ഫസ്റ്റ് -- നീതു പയസ്, സെന്റ് ജോർജ് എച്ച്. എസ്. എസ്, അരുവിത്തുറ

സെക്കന്റ്-– നവീൻ ബാബു, സെന്റ് മൈക്കിൾസ് എച്ച്. എസ് എസ്, കടുത്തുരുത്തി

തേർഡ് –– നിമ്മി ജോസ്, ഇൻഫന്റ് ജീസസ് ബഥനി ജി. എച്ച്. എസ് എസ്, മണർകാട്

വിജയികൾക്കുള്ള സമ്മാനങ്ങൾ ദീപനാളത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 2018 ജനുവരിയിൽ നടത്തുന്ന സമ്മേളനത്തിൽ നൽകുന്നതായിരിക്കും. വിജയികളായ കുട്ടികളെ വിവരം അറിയിക്കുമല്ലോ. വിജയികൾക്ക് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

| | |
|---|---|
| സാലി കെ. ജെ | ഫാ. കുര്യൻ തടത്തിൽ |
| പ്രസിഡന്റ് | ഡയറക്ടർ |